# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2105 13.06.2019 - ൽ മറുപടിക്ക്

**ആരോഗ്യവകുപ്പിലെ ഫീൽഡ് സ്റ്റാഫുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ദാസൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫുകളുടെ ജോലി പുനർനിർണ്ണയിക്കാൻ പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ? | ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം തസ്തികകളായ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർണ്ണയിച്ച് നൽകിയിട്ടുളളത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 09.12.2003 ലെ 254/03 എന്ന ഉത്തരവ് പ്രകാരമാണ്. പ്രസ്തുത വിഭാഗം ജീവനക്കാരിൽ അർപ്പിതമായിരിക്കുന്ന എല്ലാ ചുമതലകളും ഉത്തരവാദിത്വങ്ങളും ഈ ഉത്തരവിൽ വളരെ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്.<br>ആരോഗ്യ വകുപ്പിന്റെ അഭിമാന പദ്ധതിയായ ആർദ്രം നടപ്പിലാക്കിയതിന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്ററുകളിലെ പബ്ലിക് ഹെൽത്ത് നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും യഥാക്രമം സ.ഉ (പി) നം.116/2018/ആ.കു.വ തീയതി, 23.08.2018, സ.ഉ(പി) നം.118/2018/ആ.കു.വ തീയതി, 26.08.2018, സ.ഉ(പി) നം.119/2018/ആ.കു.വ തീയതി, 29.08.2018, സ.ഉ(പി) നം.120/2018/ആ.കു.വ തീയതി, 01.09.2018 എന്നീ ഉത്തരവുകൾ പ്രകാരം പുനർ നിർവചിച്ച് നൽകിയിട്ടുണ്ട്. |

Milan

സെക്ഷൻ ഓഫീസർ